**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് നൽകേണ്ട താമസ സൗകര്യം, വേതനം, ആരോഗ്യ സുരക്ഷ എന്നിവ സംബന്ധിച്ച് 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസുകളും നടത്തി വരുന്നുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും, ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവത്കരണം നടത്തുന്നു. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് അവരുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി സംസ്ഥാനത്തെ **14** ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും, ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് 'ആവാസ്'. ഈ പദ്ധതി പ്രകാരം ഓരോരുത്തർക്കും **25,000/-** (ഇരുപത്തയ്യായിരം രൂപ) രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിൽസ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നതാണ്. ചികിൽസാ പരിധിയിൽ പ്രസവ സംബന്ധമായ ചികിൽസയും ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടോപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ അപകട മരണ ഇൻഷ്വറൻസ് കൂടി ഉറപ്പ വരുത്തുന്നുണ്ട്. അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വരെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2010-ലെ കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഓൺ-ലൈനായി രജിസ്ട്രേഷൻ നടത്തുന്നതിന് 'അതിഥി ആപ്പ്' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.<br><br>കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിൽ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി 'ഗസ്റ്റ് ആപ്പ്' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കും തൊഴിലിടങ്ങളിൽ നേരിട്ട്ചെന്ന് മൊബൈൽ ഫോൺ ഉപയോഗിച്ച് ഫോട്ടോ എടുത്ത് അപേക്ഷ സ്വീകരിക്കുന്നതിനുള്ള സൗകര്യം 'ഗസ്റ്റ് ആപ്പ്' ൽ ഒരുക്കിയിട്ടുണ്ട്.<br><br>1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അതിഥി തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് 'ആലയ്'. |
| (ബി) | ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം പ്രദാനം ചെയ്യുന്നതിനായി അപ്നാ ഘർ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സൗകര്യമാണ് **അപ്നാഘർ** പദ്ധതി. ഈ പദ്ധതി പ്രകാരം വൃത്തിയുള്ളതും, സുരക്ഷിതവുമായ താമസ സൗകര്യം കുറഞ്ഞ വാടക നിരക്കിൽ നൽകി വരുന്നു.<br><br>നിലവിൽ അപ്നാഘർ പാലക്കാട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി, പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ മറ്റ് സ്കീമുകൾ നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിൽ കളമശ്ശേരിയിലും, കോഴിക്കോട് ജില്ലയിൽ കിനാലൂരിലും സ്ഥലം ഏറ്റെടുത്തിട്ടുള്ളതാണ്. അപ്നാഘർ കിനാലൂരിൽ ഫേസ് 1-ൽ 100 |

| | | | |
|---|---|---|---|
| | | | കിടക്കകളും, മറ്റ് അനുബന്ധ സൗകര്യങ്ങളും ഉൾക്കൊള്ളുന്ന താഴത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ച് കഴിഞ്ഞിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ, തൊഴിലവകാശങ്ങൾ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ, തൊഴിലവകാശങ്ങൾ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപഭോഗം തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ എല്ലാ വർഷവും നടത്തി വരുന്നുണ്ട്. |
| (ഡി) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള "ആവാസ്" പദ്ധതിയുടെ വിവര ശേഖരണം നടന്നു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 01/11/2017 തീയതിയിൽ നടത്തുകയുണ്ടായി. 2017 നവംബർ 1 മുതൽ കാർഡ് നൽകി തുടങ്ങി. 23/06/2022 വരെ 516283 (അഞ്ച് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി എൺപത്തി മൂന്ന്) കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>ആവാസ് പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000/- (ഇരുപത്തയ്യായിരം രൂപ) രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിൽസ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നതാണ്. ചികിൽസാ പരിധിയിൽ പ്രസവ സംബന്ധമായ ചികിൽസയും ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസിനോടോപ്പം അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് കൂടി ഉറപ്പ് വരുത്തുന്നുണ്ട്. അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വരെ ഇൻഷ്വറൻസ് പരിരക്ഷ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് ഈ പദ്ധതിയിലൂടെ നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ